പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 402 07.01.2014 ൽ മറുപടിക്ക്

ചേർത്തല വാഗൺ ഫാക്ടറി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജി. സുധാകരൻ:<br>,, സി.കെ. സദാശിവൻ:<br>,, ആർ. രാജേഷ് :<br>,, എ. എം. ആരിഫ് : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും, റെയിൽവേയും വകുപ്പുമന്ത്രി) | |
| (എ) | ചേർത്തല വാഗൺ ഫാക്ടറി ആരംഭിക്കാനായി എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; മുൻസർക്കാർ എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടായിരുന്നു; 28.06.2008ന് റയിൽവേ മന്ത്രാലയം സംസ്ഥാന സർക്കാരുമായുണ്ടാക്കിയ ധാരണ എന്തായിരുന്നു; | (എ) | 2011-12 ലെ റയിൽവേ ബഡ്ജറ്റ് പ്രസംഗത്തിൽ ചേർത്തലയിൽ വാഗൺ ഫാക്ടറി ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഫാക്ടറി ആരംഭിക്കുമെന്ന ഉറപ്പ് റയിൽവേ നല്കുകയാണെങ്കിൽ ആവശ്യമായ ഭൂമി സൗജന്യമായി സംസ്ഥാന സർക്കാർ നല്കാമെന്ന് തീരുമാനിച്ച് റെയിൽവേയെ അറിയിച്ചിട്ടുണ്ട്. തുടർന്ന് പദ്ധതി PPP മാതൃകയിൽ നടത്തുന്നതിനെക്കുറിച്ചും അതിനായി റെയിൽവേയുമായുള്ള ധാരണാപത്രം സംബന്ധിച്ചും സംസ്ഥാന സർക്കാരിന്റെ അഭിപ്രായം റയിൽവേ അരാഞ്ഞിരിക്കുകയാണ്. ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ തീരുമാനത്തിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | വാഗൺ ഫാക്ടറി പദ്ധതി നടപ്പിലാക്കുന്നതിനാവാശ്യമായ തുക റെയിൽവേ ബജറ്റിൽ വകയിരുത്തിയിട്ടുണ്ടോ എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | ഇക്കാര്യം പരിശോധിച്ചിട്ടുണ്ട്. 2014-15 ലെ റയിൽവേ ബഡ്ജറ്റിൽ വാഗൺ ഫാക്ടറി നിർമ്മാണത്തിനാവശ്യമായ വകയിരുത്തലുകൾ വരുത്തുന്നതിന് കേന്ദ്ര റയിൽവേ ബഡ്ജറ്റിന് മുന്നോടിയായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് 2013 നവംബറിൽ സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | വാഗൺ ഫാക്ടറി സ്ഥാപിക്കുന്നത് സംബന്ധിച്ച കേന്ദ്രസർക്കാരിന്റെ ഒടുവിലത്തെ തീരുമാനം എന്താണ്; വിശദമാക്കാമോ? | (സി) | ഒടുവിലായി പദ്ധതി PPP മാതൃകയിൽ നടപ്പിലാക്കുന്നതിനോടും അതിനായി സംസ്ഥാന സർക്കാരും റയിൽവേയുമായുള്ള ധാരണാപത്രം സംബന്ധിച്ചും സംസ്ഥാന സർക്കാരിന്റെ തീരുമാനം റയിൽവേ ആവശ്യപ്പെട്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ